പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2319 14.06.2019-ൽ മറുപടിയ്ക്ക്

## സഹകരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ലോട്ടറി ടിക്കറ്റുകൾ

| ചോദ്യം<br>ശ്രീ.പി.ടി. തോമസ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലോട്ടറി ഏജൻസിയുള്ള സഹകരണസ്ഥാപനങ്ങൾക്ക് കൂടുതൽ ടിക്കറ്റുകൾ അനുവദിക്കുന്നതിന് മുൻ ഗണന നൽകുന്നത് സംബന്ധിച്ച ഉത്തരവ് ഉണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. 10/01/2019-ലെ H1/1/2019/TD നമ്പർ കത്ത് പ്രകാരം സഹകരണ സംഘങ്ങൾക്ക് ടിക്കറ്റ് അനുവദിക്കുന്നതിന് അധികപരിഗണന നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇപ്രകാരം ടിക്കറ്റുകൾ അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാ മോ; | (ബി) | ഭാഗ്യക്കുറി ഏജൻസികൾക്ക് ടിക്കറ്റുകൾ അനുവദിക്കുന്ന അതേ മാനദണ്ഡത്തി ലാണ് സഹകരണസ്ഥാപനങ്ങൾക്കും ടിക്കറ്റുകൾ അനുവദിച്ചുവരുന്നത്. |
| (സി) | ഈ സഹകരണ സ്ഥാപനങ്ങൾ അവർക്ക് ലഭിക്കുന്ന ടിക്കറ്റുകൾ മൊത്തമായി വൻകിട ലോട്ടറി കച്ചവടക്കാർക്ക് മറിച്ചു വിൽക്കുന്ന തായുള്ള കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാ ക്കുമോ; ഇത്തരം സംഘങ്ങൾക്കെ തിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (സി) | ഇക്കാര്യം ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ഡി) | ഇങ്ങനെയുള്ള ഓരോ സഹകരണ സ്ഥാപനവും ലോട്ടറി ഏജന്റ് എന്ന നിലയ്ക്ക് എത്ര ലോട്ടറിതൊഴി ലാളികളെ | (ഡി) | കേരള സ്റ്റേറ്റ് ലോട്ടറി ഏജന്റ്സ് & സെല്ലേഴ്സ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (ഏജൻസി |

| | | | |
|---|---|---|---|
| | വീതം ലോട്ടറിതൊഴി ലാളി ക്ഷേമനിധിയിൽ അംഗങ്ങ ളായി ചേർത്തിട്ടുണ്ടെന്നുള്ള വിശദവിവരം നൽകുമോ; | | നമ്പർ (K6713) എന്ന സഹകരണ സ്ഥാപനം കോട്ടയം ജില്ലാ ക്ഷേമനിധി ഓഫീസ് മുഖേന 55 ലോട്ടറി വില്പനക്കാരെ സംസ്ഥാന ഭാഗ്യക്കുറി ക്ഷേമ-നിധിയിൽ അംഗങ്ങളായി ചേർത്തിട്ടുണ്ട്.<br>എറണാകുളം ജില്ലാ ലോട്ടറി തൊഴിലാളി ക്ഷേമ സഹകരണ സംഘം (ഏജൻസി നമ്പർ E8447) എന്ന സഹകരണ സ്ഥാപനം എറണാകുളം ജില്ലാ ക്ഷേമനിധി ഓഫീസ് മുഖേന 29 ലോട്ടറി വില്പനക്കാരെ സംസ്ഥാന ഭാഗ്യക്കുറി ക്ഷേമ നിധിയിൽ അംഗങ്ങളായി ചേർത്തിട്ടുണ്ട്.<br>വയനാട് ജില്ലാ ലോട്ടറി തൊഴിലാളിക്ഷേമ സഹകരണ സംഘം (ഏജൻസി നമ്പർ W 1265) എന്ന സഹകരണസ്ഥാപനം വയനാട് ജില്ലാ ക്ഷേമനിധി ഓഫീസ് മുഖേന 28 ലോട്ടറി വില്പനക്കാരെ സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധിയിൽ ചേർത്തിട്ടുണ്ട്. |
| (ഇ) | ഈ സംഘങ്ങൾ വാങ്ങുന്ന ലോട്ടറി ടിക്കറ്റുകളിൽ ലോട്ടറി നിയമം അനുശാസിക്കുന്ന തരത്തിൽ ഇവരുടെ സീൽ ലോട്ടറിയുടെ പിൻഭാഗത്ത് പതിക്കുന്നുണ്ടോ എന്ന് സർക്കാർ പരിശോധന നടത്താറുണ്ടോ; വിശദവിവരം നൽകുമോ? | (ഇ) | കേരള ലോട്ടറി ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമായി ഭാഗ്യക്കുറി ഏജന്റുമാർ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെടുന്ന പക്ഷം അത്തരം ഏജന്റുമാർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ